**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **05-02-2019-ൽ മറുപടിക്ക്**
**നിയമസഭാ ചോദ്യം നം. 1503**

**കേരഫെഡിന്റെ പ്രവർത്തനം**

**ചോദ്യം**

**ശ്രീ. ചിറ്റയം ഗോപകുമാർ**
**ശ്രീ. ആർ. രാമചന്ദ്രൻ**
**ശ്രീ. വി.ആർ. സുനിൽ കുമാർ**
**ശ്രീമതി. സി.കെ. ആശ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷമുള്ള കേരഫെഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേരഫെഡിന്റെ പ്രവർത്തനത്തിൽ എല്ലാ മേഖലകളിലും പുരോഗതി ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ പച്ചത്തേങ്ങ സംഭരണത്തിന്റെ ഭാഗമായി കർഷകർക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക മുഴുവൻ കൊടുത്തു തീർക്കുവാൻ സാധിച്ചു. കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ നിലവിലുണ്ടായിരുന്ന സഞ്ചിത നഷ്ടം വളരെ കുറയ്ക്കുവാനും കഴിഞ്ഞു. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ കേര ഉല്പന്നങ്ങളുടെ വിപണനത്തിൽ വൻ വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ പ്രതീക്ഷിക്കുന്ന വിൽപ്പന ലാഭം 10 കോടി രൂപയാണ്. ആർ.കെ.വി.വൈ പദ്ധതിയിൽ നിന്നുള്ള ധനസഹായം മുഖേന കേരഫെഡിന്റെ നടുവണ്ണൂരിലെയും, കരുനാഗപ്പള്ളിയിലെയും ഫാക്ടറികളുടെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |
| (ബി) | ഭൂരിഭാഗം വെളിച്ചെണ്ണകളും മായം കലർന്നതാണെന്ന റിപ്പോർട്ടുകൾ പുറത്തുവരുമ്പോൾ വിശ്വാസയോഗ്യമായ കേര വെളിച്ചെണ്ണയുടെ പ്രചാരണത്തിനും വില്പന വർദ്ധനവിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | കേര വെളിച്ചെണ്ണയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിതരണക്കാർ നിലവിൽ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ വിതരണക്കാരെ നിയമിച്ചുകൊണ്ടിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും കേരയുടെ വിപണനം ശക്തമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | നാളികേര കർഷകരിൽ നിന്നും കൃഷി ഭവനുകൾ വഴി നാളികേരം സംഭരിക്കുന്നത് കർഷകർക്ക് പ്രയോജനകരമാകുമോ; കൃഷി ഭവനുകൾ വഴി സംഭരിച്ച നാളികേരത്തിന്റെ കുടിശ്ശിക എല്ലാം കൊടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | പ്രയോജനകരമാണ്. കുടിശ്ശിക മുഴുവൻ ഇതിനോടകം കൊടുത്തുതീർത്തിട്ടുണ്ട്. കൃഷിഭവനുകൾ വഴിയുള്ള സംഭരണത്തിൽ ചില സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർവ്വീസ് സഹകരണ സംഘങ്ങൾ വഴി നാളികേരം സംഭരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | മൂല്യവർദ്ധനവും ഉല്പന്ന വൈവിധ്യവൽക്കരണവും ലക്ഷ്യമാക്കി കേരഫെഡ് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ഡി) | ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി കേരഫെഡ് ഇതിനോടകം കേരജം കേശാമൃത് ഹെർബൽ ഹെയർ ഓയിൽ, കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേര മിൽക്ക് പൗഡർ എന്നീ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കുകയും വിപണനം നടത്തുകയും ചെയ്യുന്നു. കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ